**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3996** **15-07-2022 - ൽ മറുപടിയ്ക്ക്**

**സമഗ്ര ഖര മാലിന്യ പരിപാലന മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കാലാകാലങ്ങളായി മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പൊതു ഇടങ്ങൾ കണ്ടെത്തി അത്തരം ഇടങ്ങളിലെ മാലിന്യങ്ങൾ പൂർണ്ണമായി നീക്കി അവ പൊതു ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി അവിടങ്ങളിലെ മാലിന്യം പൂർണ്ണമായും ഒഴിവാക്കി പ്രസ്തുത സ്ഥലങ്ങൾ മറ്റ് ആവശ്യങ്ങൾക്കു ഉപയോഗിക്കുന്നതിനായുള്ള നടപടികൾ സ്വീരിച്ചിട്ടുണ്ട്. |
| (ബി) | പരമ്പരാഗത മാലിന്യ കേന്ദ്രങ്ങളിലെ മാലിന്യം പൂർണ്ണമായും സംസ്കരിച്ച് ഭൂമി വീണ്ടെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്തെ പരമ്പരാഗത മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ ശാസ്ത്രീയമായി ബയോമൈനിംഗ് / റെമഡിയേഷൻ മുഖേന വീണ്ടെടുക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൊല്ലം കുരീപ്പുഴയിൽ ബയോമൈനിംഗ് പദ്ധതി അവസാന ഘട്ടത്തിലാണ്. കൊച്ചി ബ്രഹ്മപുരത്തും കോഴിക്കോട് ഞെളിയംപറമ്പിലും ബയോമൈനിംഗ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നുണ്ട്. |
| (സി) | പുന:ചംക്രമണം സാധ്യമാക്കി മാലിന്യത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ക്ലീൻ കേരള കമ്പനി മുഖേന സംയോജിത പാഴ്വസ്തു സംസ്കരണ കേന്ദ്രങ്ങളും, പതിനാല് ജില്ലാ സെഗ്രിഗേഷൻ, സോർട്ടിംഗ് ഫെസിലിറ്റികളും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഹരിതകർമ്മസേനകൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനി മുഖേന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി പുനഃചംക്രമണം നടത്തുന്നതിനും, പുനരുപയോഗം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങളാണ് ഒരുക്കുന്നത്. |
| (ഡി) | പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുള്ള ഖര മാലിന്യ | (ഡി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016-ലെ |

| | | | |
|---|---|---|---|
| | പരിപാലനത്തിനായി ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെയും പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ചുള്ള സമഗ്ര ഖര മാലിന്യ പരിപാലന മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | | ഖരമാലിന്യ പരിപാലന ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ഖരമാലിന്യ പരിപാലനം ഫലപ്രദമായി നടപ്പിലാക്കുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആക്ഷൻ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ വീട്ടിലും സ്ഥാപനത്തിൽ നിന്നുമുള്ള അജൈവ മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേനാ രൂപീകരണം, മാലിന്യം താത്ക്കാലികമായി ശേഖരിച്ച് വയ്ക്കുന്നതിനുള്ള മിനി എം.സി.എഫ്. സ്ഥാപിക്കൽ, എം.സി.എഫ്.കളിൽ വെയിംഗ് മെഷീനുകൾ, ഡോർ ടു ഡോർ കളക്ഷൻ 100% ആക്കുക, ശേഖരിച്ച മാലിന്യം കരാറിലേർപ്പെട്ട ക്ലീൻ കേരള കമ്പനിക്കോ മറ്റ് അംഗീകൃത ഏജൻസിക്കോ കൈമാറുക, യൂസർ ഫീ ശേഖരണം, ലെഗസി വേസ്റ്റ് മാറ്റുക, ജലസംരക്ഷണം തുടങ്ങിയവയാണ് ആക്ഷൻ പ്ലാനിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രധാന കാര്യങ്ങൾ. ടി ആക്ഷൻ പ്ലാൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിച്ച് പോരുന്നു.<br><br>കൂടാതെ, സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും കേരളത്തെ മാലിന്യ മുക്തമാക്കുന്നതിനുമായി ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ബാങ്ക് എന്നിവയുടെ സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പദ്ധതി പ്രാവർത്തികമാകുന്നതോടെ കേരളത്തിലെ 87 മുൻസിപ്പാലിറ്റികളും 6 കോർപറേഷനുകളും അടക്കം 93 തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ വരുന്ന ഓരോ വീടുകളും സ്ഥാപനങ്ങളും പദ്ധതിയുടെ ഗുണഭോക്താക്കളാകും. ഇവിടങ്ങളിൽ നിന്ന് ജൈവ-അജൈവ മാലിന്യങ്ങൾ, നിർമ്മാണവും പൊളിച്ചു മാറ്റലും മൂലം ഉണ്ടാകുന്ന സി & ഡി മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവയടക്കം എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പദ്ധതിയിലൂടെ സാധിക്കും. |

സെക്ഷൻ ഓഫീസർ